(സി) കൊല്ലം സർക്കിളിൽ കൊക്കാത്തോട്, മുള്ളുമല, തുറ, ചിറ്റാർ, കരിംകുളം സ്റ്റേഷനുകളും കോട്ടയം സർക്കിളിൽ വാളറ, വാഴത്തോപ്പ് സ്റ്റേഷനുകളും തൃശ്ശൂർ സർക്കിളിൽ ഏഴാറ്റുമുഖം പെരുമത്തോട്. ഭൂതത്താൻകെട്ട്, പൊങ്ങനംകാട് സ്റ്റേഷനുകളും പാലക്കാട് ഷോളയാർ, എടക്കോട് എന്നീ സ്റ്റേഷനുകളിലുമാണ് പോരായ്മകൾ പരിഹരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുള്ളത്.

(ഡി) എല്ലാ ഫോറസ്റ്റ്സ്റ്റേഷനുകളിലും ജീപ്പ്, മോട്ടോർ സൈക്കിൾ, വയർലസ്സ്, തോക്ക് മുതലായവ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ ഒന്നും ആരംഭിച്ചിട്ടില്ല.

(എഫ്) സംസ്ഥാനത്ത് പുതിയതായി ചില ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടി ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ജി) സംസ്ഥാനത്ത് ഇപ്പോൾ 885 ഫോറസ്റ്റ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി[†] ചേർത്തിരിക്കുന്നു.

നാണ്യവിളകളുടെ വിലയിടിവ്

26 (*386) ശ്രീ. പാലോട് രവി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ചെയ്യുന്ന റബ്ബർ, ഏലം, കാപ്പി, തേയില എന്നിവയുടെ വിലയിൽ 1996-97, 97-98, 98-99 എന്നീ വർഷങ്ങളിൽ ഇടിവുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ വർഷവും ഇവയുടെ ഓരോന്നിന്റെയും വിലയിൽ എന്ത് കുറവുണ്ടായി എന്ന് പറയുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കാപ്പി, തേയില എന്നിവയുടെ വിലയിൽ ഈ മൂന്നു വർഷങ്ങളിലും ഇടിവുണ്ടായിട്ടില്ല. റബ്ബറിന്റെ വിലയിൽ ഇടിവുണ്ടായിട്ടുണ്ട്. ഏലത്തിന്റെ വിലയിൽ 1997-98 ൽ വിലയിടിവുണ്ടായെങ്കിലും 1998-99-ൽ വില വർദ്ധിച്ചു.

(ബി) റബ്ബർ ബോർഡു നൽകിയ കണക്കനുസരിച്ച് റബ്ബറിന്റെ വില 1996-97 ൽ 4901 രൂപ ആയിരുന്നത് 1997-98-ൽ 3580 രൂപയും 1998-99 ൽ 2994 രൂപയും ഏലത്തിന്റെ വില 1996-97-ൽ 376 രൂപ ആയിരുന്നത് 1997-98 ൽ 331 രൂപയായി കുറയുകയും 1998-99 ൽ 464 രൂപയായി വർദ്ധിക്കുകയും ചെയ്തു.

പൂജാദി കർമ്മങ്ങൾക്കും വഴിപാടിനും ചാർജ് വർദ്ധിപ്പിച്ച നടപടി

27 (*387) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

[†] അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ പൂജാദികർമ്മങ്ങൾക്കും, വഴിപാടിനും നിശ്ചയിച്ചിരുന്ന ചാർജ്ജ് 2000 ജനുവരി മുതൽ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോയിനം പൂജാദികർമ്മങ്ങൾക്കും വഴിപാടിനും നിലവിലുണ്ടായിരുന്ന ചാർജ്ജ് എത്രയായിരുന്നുവെന്നും അത് എത്ര ആയിട്ടാണ് വർദ്ധിപ്പിച്ചതെന്നും വർദ്ധന എത്ര ശതമാനം വീതമാണെന്നും വെളിപ്പെടുത്തുമോ;

(സി) വർദ്ധനവ് വരുത്താനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഈ വർദ്ധനക്ക് സ്വീകരിച്ച മാനദ്ണ്ഡം എന്തെന്ന് വിശദീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) 2000 ജനുവരിക്കുമുൻപ് ദേവസ്വങ്ങളിൽ വഴിപാടുകൾക്ക് നിരക്കുകളാണ് നിലവിലുണ്ടായിരുന്നത്. ഇത് ഏകീകരിക്കുന്നതിനുവേണ്ടി ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ ദേവസ്വങ്ങളിലേയും വഴിപാടു നിരക്കുകൾ 1.1.2000 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആയതിന്റെ സ്റ്റേറ്റുമെന്റ് അനുബന്ധമായി ചേർത്തിട്ടുള്ളതുമാണ്. നിലവിലുണ്ടായിരുന്ന വഴിപാട് നിരക്കുകൾ ഏകീകൃത സ്വഭാവമുള്ളതല്ലാതിരുന്നതിനാൽ അവ വർദ്ധിപ്പിച്ച നിരക്കുമായുള്ള അനുപാതം സൂചിപ്പിക്കുന്നതിനും ശതമാനക്കണക്ക് നൽകുന്നതിനും പ്രയാസമാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി)&(ഡി) വഴിപാട് സാധനങ്ങളുടെ വിലവർദ്ധനവ് അടിസ്ഥാനമാക്കി വഴിപാട് നിരക്കുകൾ ഏകീകരിക്കുന്നതിനുവേണ്ടിയാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

രാസവളങ്ങളുടെ സബ്സിഡി പുനഃസ്ഥാപിക്കാൻ നടപടി

28 (*388) ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ.ആർ ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ഈയിടെ രാസവളങ്ങളുടേയും കീടനാശിനികളുടേയും വില വർദ്ധിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നടപടി സംസ്ഥാനത്തെ കാർഷിക മേഖലയെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) രാസവളങ്ങളുടെ സബ്സിഡി പിൻവലിച്ച നടപടിയെ സംബന്ധിച്ചും വിലവർദ്ധന പിൻവലിക്കുന്നതിനെ സംബന്ധിച്ചും സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

8. ശിങ്കപ്പാറ

പത്തനംതിട്ട ജില്ല

1. കുമരംപേരൂർ (നോർത്ത്)
2. കുമരംപേരൂർ (സൗത്ത്)
3. കൊക്കത്തോട്
4. കരിപ്പാംത്തോട്
5. പാടം
6. ചെംബാല
7. മണ്ണാറപ്പാറ
8. കരികുളം
9. കാനമല
10. ആനപ്പാറ
11. ചിറ്റാർ
12. ഗുരുനാഥൻമണ്ണ്
13. തണ്ണിത്തോട്
14. പ്ലാപ്പള്ളി
15. കൊച്ചുകോയിക്കൽ
16. പച്ചക്കാനം

അനുബന്ധം III

8.3.2000-ലെ നക്ഷത്രചിഹ്നമിട്ട 27 (*387)-ാം നമ്പർ ചോദ്യം ദയവായി കാണുക

ക്രമ നമ്പർ	വഴിപാട് വിവരം	1.1.2000 മുതൽ ഈടാക്കേണ്ട ആകെ തുക (സാധന വിലയും മുതൽക്കൂട്ടും ഉൾപ്പെടെ)	1.1.2000 മുതൽ ഈടാക്കേണ്ട മുതൽക്കൂട്ട്
1	2	3	4
1	ഗണപതി ഹോമം	45.00	15.00*
എ	അഷ്ടദ്രവ്യഗണപതി ഹോമം	151.00	50.00
2.	ഭഗവതി സേവ	151.00	51.00*
3.	ത്രിശതി അർച്ചന	10.00	10.00
4.	സഹസ്രനാമാർച്ചന	15.00	15.00
5.	അഷ്ടോത്തരാർച്ചന	5.00	4.75*
6.	മൃത്യുഞ്ജയഹോമം	51.00	21.00*
7.	മുഴുക്കാപ്പ്	-	35.00
8.	അരക്കാപ്പ്	-	25.00
9.	ചന്ദനാഭിഷേകം	-	51.00*
10.	കളഭാഭിഷേകം	-	225.00*
11.	തുലാഭാരം	-	23.00*
12.	ചോറൂണ്	15.00	11.00
13.	നാമകരണം	-	11.00

LIBRARY ARCHIVES Kerala Legislative Assembly

14.	വിദ്യാരംഭം	-	11.00
15.	പൂജവയ്പ്	-	5.00
16.	ക്ഷീരധാര	-	35.00*
17.	ജലധാര	-	7.00*
18.	തകിടുപൂജ	-	10.00
19.	മാലപൂജ	-	5.00
20.	പറയിട്	60.00	57.00*
21.	രുദ്രാഭിഷേകം	15.00	7.50*
22.	ഭസ്മച്ചാർത്ത്	-	11.00
23.	രക്തപുഷ്പാഞ്ജലി	11.00	10.00
24.	നിരാഞ്ജനം	12.00	5.00
25.	കറുകഹോമം	15.00	7.50
26.	പനിനീർ, പാൽ, നെയ്യ്, ഭസ്മം, കുങ്കുമം, കരിയ്ക്ക്, തേൻ, എണ്ണ അഭിഷേകം	-	5.00
27.	വെള്ള കാൽ ലിറ്റർ	7.00	2.50
28.	പാൽപ്പായസം കാൽ ലിറ്റർ	10.00	2.50
29.	ശർക്കര പായസം കാൽ ലിറ്റർ	10.00	2.50
30.	കൂട്ടുപായസം കാൽ ലിറ്റർ	12.50	2.50
31.	ഇടിച്ചുപിഴിഞ്ഞ പായസം കാൽ ലിറ്റർ	12.50	2.50
32	അരവണ കാൽ ലിറ്റർ	30.00 25.00	9.00 ഡിപ്പാർട്ടുമെന്റ് കണ്ടയിന നൽകുന്ന ദിവസം 4.00 നൽകാത്ത ദിവസം
33.	അപ്പം കാൽ ലിറ്റർ	-	2.50*
34.	അട കാൽ ലിറ്റർ	-	2.50*
35.	മോദകം കാൽ ലിറ്റർ	-	2.50*
36.	നമസ്കാരം	-	2.50
37.	ത്രിമധുരം	-	2.50*
38.	ചിറപ്പ്	-	51.00*
39.	അടിമ	-	25.00
40.	കുത്തിയോട്ടം	-	25.00*
41.	ഗരുഡൻ തൂക്കം	-	25.00*
42.	ഉത്സവബലി	-	501.00
43.	പുഷ്പാഭിഷേകം	-	225.00
44.	മതപരിവർത്തനം	-	500.00
45.	ചാവിറക്ക്	-	10.00

LIBRARY ARCHIVES Kerala Legislative Assembly

46.	താലപ്പൊലി	-	10.00
47.	കളമെഴുത്തും പാട്ടും	-	50.00
48.	ആവാഹനം	-	15.00
49.	ഇരട്ടിത്തടി	44.00	11.00
50.	തടി	28.00	7.00
51.	പഞ്ചാമൃത അഭിഷേകം	-	10.00
52.	കാവടി നിറപ്പ്	-	15.00
53.	അഗ്നിക്കാവടി	-	25.00
54.	സത്യം	-	55.00
55.	കഥകളി	-	225.00
56.	1 കലശം	-	5.00*
	നവകലശം	-	45.00
	25 കലശം	-	125.00
	ശതകലശം	-	500.00
	സഹസ്രകലശം	-	5000.00
	108 കലശം	-	25.00
	ചതുശതകലശം	-	50.00
57.	ഗുരുസി	-	11.00
58.	കൈവട്ട ഗുരുസി	-	5.00
59.	ചതുശതകം	-	201.00
60	പ്രാതൽ	-	250.00
61.	പുണ്യാഹം	-	2.00
62.	പട്ടു നടക്കുവയ്പ്പ്	-	5.00
63.	ലക്ഷാർച്ചന	-	551.00
64.	പിടിപ്പണം	-	10.00
65.	വാഹനം എഴുന്നെള്ളിപ്പ്	-	150.00
66.	ആയില്യപൂജ	15/-	7.00
67.	നിറമാല	-	51.00
68.	കെട്ടുനിറ	-	10.00
69.	പ്രതിമ സമർപ്പണം	-	10.00
70.	സ്വയം വരാർച്ചന	11.00	10.00
71.	പഞ്ചഗവ്യം നെയ്യ് ജപിച്ചു കൊടുക്കൽ	-	10.00
72	തീയാട്ട്	-	25.00

LIBRARY ARCHIVES Kerala Legislative Assembly

73.	ചാന്താട്ടം (ചെട്ടിക്കുളങ്ങര)	700.00	640.00*
74.	വടമാല	-	10.00
75.	നടേശാലങ്കാരം	150.00	120.00
76.	ഭാഗ്യസൂക്താർച്ചന, ശത്രു സംഹാര പുഷ്പാഞ്ജലി, മൃത്യുഞ്ജയാർച്ചന	11.00	10.00
77.	പാളയും കയറും നടയ്ക്കു വയ്ക്കുന്നതിന്	-	5.00
	ചരടു ജപം	-	5.00
	തട്ടം നിവേദ്യം	-	5.00
78.	വിവാഹം	500.00	480.00

ഏതെങ്കിലും വഴിപാടിന് ഇപ്പോൾ ഈടാക്കിക്കൊണ്ടിരിക്കുന്ന തുക വർദ്ധിപ്പിച്ച തുകയേക്കാൾ കൂടുതലാണെങ്കിൽ ആയത് തുടർന്നും ഈടാക്കേണ്ടതാണ്.

വിശദീകരണ കുറിപ്പ്

1. *ഒരു ദിവസം 10-ൽ കൂടുതൽ ഗണപതിഹോമം നടക്കുന്ന ദേവസ്വങ്ങളിൽ 10 ഗണപതി ഹോമത്തിന് 30/- രൂപാക്രമം സാധനവില ചെലവെഴുതി എടുക്കാവുന്നതും, ശേഷിക്കുന്ന എണ്ണം ഗണപതി ഹോമത്തിന് 20/- രൂപാക്രമം സാധനവില ചെലവെഴുതി എടുക്കാവുന്നതും, ബാക്കി 10/- രൂപ കൂടി മുതൽക്കൂട്ടിൽ ചേർത്ത് ഒടുക്കു വരുത്തേണ്ടതാകുന്നു.

2. *കാൽ ലിറ്റർ അരവണയും 5 അടയും വഴിപാടുകാരന് നൽകേണ്ടതാണ്.

5. *25 പൈസ അനുവദിച്ചിട്ടുള്ളത് ശാന്തിക്കൂറ്, സാധനവില ഉൾപ്പെടെയാകുന്നു. ശാന്തിക്കൂറ് പരമാവധി 150/- രൂപാ പ്രതിമാസം ചെലവെഴുതി കൊടുക്കേണ്ടതാണ്. ബാക്കി തുക സാധന വിലയായി ചെലവെഴുതിയെടുക്കാം.

6. *ഒരു ദിവസം 10-ൽ കൂടുതൽ മൃത്യുഞ്ജയ ഹോമം നടക്കുന്ന ദേവസ്വങ്ങളിൽ 10 എണ്ണത്തിന് 30/- രൂപ ക്രമം സാധനവില എഴുതി എടുക്കാവുന്നതാകുന്നു. ശേഷിച്ച വകയ്ക്ക് 20/- രൂപാക്രമം മാത്രം സാധനവില ചെലവെഴുതി എടുക്കേണ്ടതും, 10/- രൂപാ മുതൽ കൂട്ടിൽ ചേർത്ത് ഒടുക്കു വരുത്തേണ്ടതുമാകുന്നു.

9. *സാധനം വഴിപാടുകാരൻ ഹാജരാക്കാത്തപക്ഷം ഇപ്പോൾ ഈടാക്കി വരുന്ന ക്രമം മാത്രമേ സാധനവില വഴിപാടുകാരനിൽനിന്നും ഈടാക്കുവാൻ പാടുള്ളൂ

10. *സാധനം വഴിപാടുകാരൻ ഹാജരാക്കത്തപക്ഷം ഇപ്പോൾ ഈടാക്കിവരുന്ന ക്രമം മാത്രമേ സാധനവില വഴിപാടുകാരനിൽനിന്നും ഈടാക്കുവാൻ പാടുള്ളൂ.

11. *തുലാഭാരത്തിന് തോർത്ത് ഹാജരാക്കാത്തവരിൽനിന്നും തോർത്തിന്റെ വിലയായി 7/- രൂപാ കൂടി ഈടാക്കി ഒടുക്കു വരുത്തേണ്ടതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

16. *സാധനം വഴിപാടുകാരൻ ഹാജരാക്കാത്തപക്ഷം ഇപ്പോൾ ഈടാക്കി വരുന്ന ക്രമം മാത്രമേ സാധനവില വഴിപാടുകാരനിൽനിന്നും ഈടാക്കുവാൻ പാടുള്ളൂ.

17. *7 രൂപയിൽ കൂടുതൽ ഈടാക്കിവരുന്ന ദേവസ്വങ്ങളിൽ ഇപ്പോഴത്തെ ക്രമം ഈടാക്കി മുതൽ വയ്ക്കേണ്ടതാണ്.

20. *3 രൂപ നെല്ലിൽ ഉണ്ടാകുന്ന കുറവ് ചുമട്ടുകൂലി എന്ന വകയിൽ ചെലവെഴുതി എടുക്കാവുന്നതാണ്.

33,34,35 *സാധനം ഹാജരാക്കാത്തവരിൽനിന്നും ഇപ്പോഴത്തെ ക്രമമേ സാധനവില ഈടാക്കാവൂ.

37. *33-ലെ ക്രമം

38. *ചിറപ്പിനോടൊപ്പം നടത്തുന്ന വഴിപാടുകൾക്ക് പ്രത്യേകം മുതൽക്കൂട്ട് ഈടാക്കേണ്ടതാണ്.

40. *ശാർക്കര, ചെട്ടിക്കുളങ്ങര എന്നീ ദേവസ്വങ്ങളിൽ 100രൂപാ ക്രമം മുതൽക്കൂട്ട് ഈടാക്കേണ്ടതാകുന്നു.

41. *ശാർക്കര, ചെട്ടിക്കുളങ്ങര എന്നീ ദേവസ്വങ്ങളിൽ 100രൂപാ ക്രമം മുതൽക്കൂട്ട് ഈടാക്കേണ്ടതാകുന്നു.

56. *108 കലശം - 108 കലശത്തിനോടൊപ്പം നടത്തുന്ന വച്ചുനിവേദ്യങ്ങൾക്ക് പ്രത്യേകം മുതൽക്കൂട്ട് ഈടാക്കേണ്ടതാകുന്നു.

60. *വൈക്കം ദേവസ്വത്തെ സംബന്ധിച്ചിടത്തോളം പ്രപ്പോസൽ സ്റ്റേറ്റുമെന്റ് പ്രത്യേകം അംഗീകരിച്ച് വാങ്ങേണ്ടതാകുന്നു.

69. *തിരുവല്ലം ദേവസ്വത്തിൽ 8/99-ൽ വഴിപാട് റേറ്റ് വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അത് തുടരേണ്ടതും, 1175-ലെ കർക്കിടക വാവിന് പ്രത്യേക സ്റ്റേറ്റുമെന്റ് അംഗീകരിച്ച് വാങ്ങേണ്ടതുമാണ്.

73. *ചെട്ടിക്കുളങ്ങര ഒഴിച്ചുള്ള ദേവസ്വങ്ങളിൽ 225 രൂപാ മുതൽക്കൂട്ട് ഈടാക്കിയാൽ മതിയാവുന്നതാണ്.

78. *500 രൂപാ ഈടാക്കുന്നത് താലിമാലപൂജ, വച്ചൊരുക്ക്, നാദസ്വരം, തകിൽ എന്നിവരുടെ അനുഭവം എന്നിവ ഉൾപ്പെടെയാകുന്നു. നിറപറയ്ക്ക് പ്രത്യേകം തുക ഈടാക്കേണ്ടതാണ്. സ്വീകരണത്തിന് നാദസ്വരം, തകിൽ എന്നിവരുടെ സേവനം ഉപയോഗിക്കേണ്ടതായി വരുമ്പോൾ 150 രൂപാകൂടി ഈടാക്കി 100 രൂപാ നാദസ്വരം, തകിൽ എന്നിവർക്ക് ചിലവെഴുതി കൊടുക്കാവുന്നതും, 50 രൂപാ ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടേണ്ടതുമാകുന്നു.

അനുബന്ധം IV

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 49 (1872)-ാം നമ്പർ ചോദ്യം ദയവായി കാണുക

GOVERNMENT OF KERALA

Abstract

Local Fund Audit Department - Transfer and postings of Deputy Director of Local Fund Audit - orders issued,

---

FINANCE (ESTABLISHMENT - D) DEPARTMENT

LIBRARY ARCHIVES Kerala Legislative Assembly